# കർത്താവിനുവേണ്ടി സമയം കണക്കാക്കൽ

പൗലൊസ് എഴുതി, "ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായിട്ടത്രേ, നടപ്പാൻ നോക്കുവിൻ, ഇതു ദുഷ്ക്കാലം ആകയാൽ, സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ" (എഫെസ്യർ 5:15, 16). "സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ" എന്നതു ശ്രദ്ധയോടെയും ബുദ്ധിയോടെയും ജീവിക്കേണ്ടതിനാണ്, അതിൽ "നിപുണതയും" അടങ്ങുന്നു. സഭാദ്ധ്യക്ഷന്മാർ അവരുടെ സമയം അധികവും ഗണ്യമാക്കേണ്ടതെന്തുകൊണ്ട്?

ഒന്നാമതു, അദ്ധ്യക്ഷന്മാർ സമയം ഉപകാരപ്രദമായി ഉപയോഗിക്കേണ്ടത് "ഇതു ദുഷ്ക്കാലം ആകയാലാണ്." ദുഷ്ടത നിറഞ്ഞിരിക്കുന്നു, എവിടെയും പരീക്ഷണമാണ്, കൂടാതെ ലോകം പാപത്തിൽ ആണ്ടിറങ്ങുന്നു. അത്തരം ലോകത്തിൽ, ക്രിസ്ത്യാനികളുടെ ഫലപ്രദമായ പ്രവൃത്തി ആവശ്യമാണ്.

രണ്ടാമതു, സഭാദ്ധ്യക്ഷന്മാർ അവരുടെ സമയം നന്നായി ബുദ്ധിയോടെ ഉപയോഗിക്കണം, കാരണം യേശു അങ്ങനെയാണ് ഉപയോഗിച്ചതും തന്റെ ശിഷ്യന്മാരിൽ നിന്നു അവൻ പ്രതീക്ഷിക്കുന്നതും അതാണ്. അവൻ പറഞ്ഞു, "എന്നെ അയച്ചവന്റെ പ്രവൃത്തി, പകൽ ഉള്ളേടത്തോളം ചെയ്യേണ്ടതാകുന്നു: ആർക്കും പ്രവർത്തിച്ചുകൂടാത്ത, രാത്രി വരുന്നു" (യോഹന്നാൻ 9:4; കെജെവി).[1] ഒരു സന്ദർഭത്തിൽ അവൻ തന്റെ സമയ ബോധ്യത്താൽ പറയാനിടയായി, "എന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല" (യോഹന്നാൻ 2:4; കൂടാതെ 7:6 ഉം നോക്കുക) വേറൊരു സമയത്ത് അവൻ പറഞ്ഞു, "എന്റെ സമയം അടുത്തിരിക്കുന്നു" (മത്തായി 26:18). അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു: " 'ഇനി നാലു മാസം കഴിഞ്ഞിട്ടു, കൊയ്ത്തു വരുന്നു'? എന്നു, നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ, തലപൊക്കി നോക്കിയാൽ, നിലങ്ങൾ ഇപ്പോൾ തന്നെ, കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും എന്നു, ഞാൻ നിങ്ങളോടു പറയുന്നു" (യോഹന്നാൻ 4:35). പുതിയ നിയമത്തിൽ, നല്ലതു ചെയ്യുവാനുള്ള സമയം ഇപ്പോഴാണ്: "ഇപ്പോൾ ആകുന്നു, 'സുപ്രസാദ

കാലം,' ഇപ്പോൾ ആകുന്നു, 'രക്ഷാദിവസം''' (2 കൊരിന്ത്യർ 6:2; കൂടാതെ റോമർ 13:11 ഉം എബ്രായർ 3:13 ഉം നോക്കുക.)

മൂന്നാമതു, സമയം പരിമിതിയുള്ള വിഭവം ആയതുകൊണ്ടു അദ്ധ്യക്ഷന്മാർ അതു ഏറ്റവും നല്ല രീതിയിൽ ഉപയോഗിക്കണം. ആകെ നമുക്കുള്ളത് ഇന്നത്തെ ദിവസമാണ്. ഇന്നലത്തെ ദിവസം കഴിഞ്ഞുപോയി, നാളത്തെ ദിവസം വരണമെന്നില്ല. നാം ഇന്നു മുഴുവനും ജീവിക്കണം (മത്തായി 6:34). ജീവിതം ചുരുങ്ങിയതാണ് (ഇയ്യോബ് 7:6; 14:1; സങ്കീർത്തനങ്ങൾ 89:47), ആർക്കും ഭാവി ഉറപ്പില്ല. യാക്കൊബ് 4:14 പറയുന്നു, "നാളത്തേക്കു നിങ്ങൾ അറിയുന്നില്ലല്ലോ നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്. നിങ്ങൾ അല്പ നേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലൊ."

നാലാമതു, അദ്ധ്യക്ഷന്മാർ സമയം ഫലപ്രദമായി ഉപയോഗിക്കണം കാരണം ധാരാളം ആവശ്യങ്ങൾ അവരുടെ സമയത്തുണ്ടാകുന്നു. അവർ ഉപജീവനത്തിനും, ബില്ലുകൾ അടക്കുന്നതിനും, വീടിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിനും, കുടുംബവുമൊത്തു ചെലവഴിക്കുന്നതിനും, മറ്റും സമയം കണ്ടെത്തണം. സഭാദ്ധ്യക്ഷനു അതുകൂടാതെ സഭാപ്രവൃത്തികളെ കുറിച്ചു "ദിവസവുമുള്ള സമ്മർദ്ദവും" ഉണ്ട് (ഒത്തുവാക്യം. 2 കൊരിന്ത്യർ 11:28-ൽ പൗലൊസിന്റെ ഉത്തരവാദിത്വം).

കൂട്ടത്തെ കരുതേണ്ടതിനു സഭാദ്ധ്യക്ഷന്മാർ എങ്ങനെ സമയം കണ്ടെത്തും? അവരുടെ സമയം അവർ ഏറ്റവും നല്ല രീതിയിൽ എങ്ങനെ ഉപയോഗിക്കും? ആ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം - ചുരുങ്ങിയ സമയത്തിൽ കൂടുതൽ പ്രവർത്തി ചെയ്യാനുള്ള സഭാദ്ധ്യക്ഷന്മാരെ അവരുടെ "സമയം അധികവും" എങ്ങനെ ചെലവാക്കണമെന്ന പ്രായോഗിക നിർദ്ദേശങ്ങളോടൊപ്പം, സമയം ചെലവഴിക്കുവാനുള്ള മാർഗ്ഗരേഖയും ബൈബിൾ തത്വങ്ങളും അവതരിപ്പിച്ച് അവരെ സഹായിക്കുന്നതിനാണ്.

## ബൈബിൾ തത്വങ്ങൾ

ഏറ്റവും നല്ല ഗുണകരമായ രീതിയിൽ അവരുടെ സമയം ചെലവഴിക്കുവാൻ പഠിക്കേണ്ടതിനു, സഭാദ്ധ്യക്ഷന്മാർ അവരുടെ സമയം ഉപയോഗിക്കേണ്ടതു പല ബൈബിൾ തത്വങ്ങളും സംയോജിപ്പിച്ചാകണം.

### മേൽവിചാരണ

ആദ്യത്തെ ബൈബിൾ തത്വം ഗൃഹവിചാരണയാണ്. സഭാദ്ധ്യക്ഷൻ തിരിച്ചറിയേണ്ടതു അവൻ ദൈവം നല്കിയ സമയത്തിന്റെ (ആയുസ്) കാര്യ വിചാരകന്മാരാണ് എന്നാണ്. എല്ലാ തികഞ്ഞവരവും നല്ല ദാനവും ദൈവം ആണ് തരുന്നത് (യാക്കൊബ് 1:17). ദൈവകൃപയാലാണ് എല്ലാവരും ജീവിക്കുന്നത്: "അവനിൽ അത്രേ നാം ഇരിക്കയും ചരിക്കയും ചെയ്യുന്നത്" (പ്രവൃത്തികൾ 17:28). ദൈവം നമുക്കു ജീവനും സമയവും നല്കിയിരിക്കുന്നു; ഓരോ ദിവസവും, തീർച്ചയായും, "ഇതു യഹോവ ഉണ്ടാക്കിയ ദിവസം," ആകയാൽ നാം പ്രതികരിക്കേണ്ടതു, "ഇന്നു നാം സന്തോഷിച്ചു ആനന്ദിക്ക" (സങ്കീർത്തനങ്ങൾ 118:24). തീർച്ചയായും,

ക്രിസ്ത്യാനി ദൈവത്തിനുള്ളവനാണ്; അവൻ തനിക്കുള്ളവനല്ല (1 കൊരിന്ത്യർ 6:19, 20). അവൻ ചെയ്യുന്ന തിലെല്ലാം - അവൻ തന്റെ സമയം ഉപയോഗിക്കുന്ന ഓരോ വഴിയും - ദൈവം അനുവദിച്ചാലേ അവനതു ഉപയോഗിക്കുവാൻ പറ്റൂ; അതുകൊണ്ടു, അവൻ തന്റെ പദ്ധതികൾ തയ്യാറാക്കുമ്പോഴൊക്കെ, പറയണം, "കർത്താവിനു ഇഷ്ടമുണ്ടെങ്കിൽ, ഞങ്ങൾ ജീവിച്ചിരുന്നു ഇന്നിന്നതു ചെയ്യും" (യാക്കോബ് 4:15).

ഒരു സഭാദ്ധ്യക്ഷൻ ദൈവം നല്കിയ സമയത്തിന്റെ (ജീവൻ) മേൽവിചാരകൻ എന്ന നിലയിൽ, കാര്യ വിചാരണാതത്വം തിരിച്ചറിയണം: (1) താൻ നിയന്ത്രിക്കുന്നതു തന്റേതല്ല, മറ്റൊരാളുടേതാണ്. മത്തായി 25-ൽ താലന്തുകളുടെ ഉപമയിൽ, തന്റെ ദാസന്മാർക്ക് അവൻ "*തന്റെ* സമ്പത്ത് ഏല്പിക്കയായിരുന്നു" (വാ. 14). ഓരോ ക്രിസ്ത്യാനിയുടേയും സമയം ദൈവത്തിന്റേതാണ്. (2) അതു ആരുടേതാണോ ആ വ്യക്തി ഉദ്ദേശിക്കുന്ന രീതിയിൽ അവനതു ഉപയോഗിക്കുകയാണ് വേണ്ടത്. ഒരു - താലന്തു ലഭിച്ച മനുഷ്യൻ യജമാനനു നിന്ദിതനാകുവാൻ കാരണം അവൻ തന്റെ യജമാനനു ലാഭമുണ്ടാക്കുന്നതിൽ പരാജയപ്പെട്ടു (വാ. 27). സഭാദ്ധ്യക്ഷന്മാർ മറ്റുള്ളവരെ സഹായിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും തന്റെ സമയം ഉപയോഗിക്കണം. (3) തന്റെ കാര്യവിചാരണയിൽ അവൻ വിശ്വസ്തനായിരിക്കണം കാരണം, തന്റേതല്ലാത്ത സമയം എങ്ങനെ ഉപയോഗിച്ചു എന്നതിനു ഒരു നാൾ അവൻ ദൈവത്തിനു കണക്കു കൊടുക്കേണ്ടതായിട്ടുണ്ട്. ഉപമയിൽ, "വളരെ കാലം കഴിഞ്ഞ ശേഷം ആ ദാസന്മാരുടെ യജമാനൻ വന്നു അവരുമായി കണക്കു തീർത്തു" (വാ. 19). രണ്ടുപേർ അനുഗ്രഹിക്കപ്പെട്ടവരായിരുന്നു (വാ. 21, 23), ഒരാൾ ശപിക്കപ്പെട്ടവനും (വാ. 26-30). പൗലൊസ് പറഞ്ഞു, "ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രെ" (1 കൊരിന്ത്യർ 4:2). നാം എല്ലാം ഉപയോഗിച്ച സമയത്തിനു ഒരുനാൾ കണക്കു കൊടുക്കേണ്ടവരാണ്.

ഇതെങ്ങനെയാണ് സഭാദ്ധ്യക്ഷന്റെ സമയത്തിന്റെ ഉപയോഗത്തെ ബാധിക്കുന്നത്? അവൻ തന്റെ സമയം എങ്ങനെ ചെലവിട്ടു എന്നതിൽ ബോധവാനായിരിക്കയും, അവൻ ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ച്, "ഇതു സമയം പാഴാക്കലാണോ?" എന്നും അവൻ ചോദിക്കും. അങ്ങനെ ആണെങ്കിൽ, അയാൾ പാഴാക്കി കളയുന്നത് തന്റേതല്ല; കർത്താവിന്റെ സമയമാണ്.

**മുൻഗണനകൾ**

സഭാദ്ധ്യക്ഷൻ തന്റെ പ്രവൃത്തികൾ ചെയ്യേണ്ടതു ദൈവത്തിൽ മനസ്സുറപ്പിച്ചുകൊണ്ടായിരിക്കണം. ദൈവത്തെ പ്രഥമസ്ഥാനത്തു വെക്കുവാനാണ് യേശു നമ്മെ പഠിപ്പിച്ചത് (മത്തായി 6:33; ലൂക്കൊസ് 10:42). ഒരു നല്ല പ്രവൃത്തിയും മോശമായ മറ്റൊരു പ്രവൃത്തിയും തമ്മിലുള്ള തീരുമാനങ്ങൾ നിമിത്തമല്ല മുൻഗണനകൾ പ്രാധാന്യമുള്ളതാകുന്നത്, പിന്നെയോ രണ്ടു നല്ല പ്രവൃത്തികൾ തമ്മിലുള്ള തീരുമാനം നിമിത്തമാണ്. അദ്ധ്യക്ഷൻ തീരുമാനിക്കണം ഏതു പ്രവൃത്തിയാണ് കൂടുതൽ പ്രാധാന്യമുള്ളത്, കൂടുതൽ സമ്മർദ്ദമുള്ളത്; ഏതാണ് അയാൾ *ഇപ്പോൾ*

ചെയ്യേണ്ടതു?

സഭാദ്ധ്യക്ഷന്റെ മുൻഗണനകളിൽ ചിലതു എന്തെല്ലാമാണ്? തീർച്ചയായും, അവന്റെ ആദ്യ മുൻഗണന ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിനാണ്. അതിനപ്പുറം, അവന്റെ മുൻഗണനകളിൽ *അവന്റെ കുടുംബം* ഉൾപ്പെടുന്നു. "ഒരു സമൂഹത്തെ മുഴുവൻ സ്നാനപ്പെടുത്തുകയും തന്റെ ഭാര്യയും മക്കളും നഷ്ടപ്പെടുകയും ചെയ്താൽ ഒരാൾക്ക് എന്തു പ്രയോജനം?" (തന്റെ കുടുംബത്തിന് വ്യക്തിപരമായ ശ്രദ്ധയുടെ വലുതായ ആവശ്യമില്ല എന്നതാണ് ഒരു മൂപ്പനായി സേവിക്കുന്ന ഒരു വൃദ്ധനായ മനുഷ്യന്റെ നേട്ടം. എങ്ങനെയായാലും, തന്റെ കുടുംബത്തെ ഒരാൾ വൃദ്ധനായാൽപോലും അവഗണിക്കാവുന്നതല്ല.) അയാൾ ഒരുപക്ഷെ *തന്റെ ജോലിക്കു* മുൻഗണന നല്കേണ്ടതാണ്. ഒരു സഭാദ്ധ്യക്ഷൻ തന്റെ കുടുംബത്തെ പോറ്റി പുലർത്തുവാൻ ജോലി ചെയ്തു വരുമാനം ഉണ്ടാക്കണം എങ്കിൽ അയാൾ സഭയെ സേവിച്ചു ദൈവ വേല ചെയ്യുകയാണ് വേണ്ടത്. (ഇവിടെ, വീണ്ടും, ജോലിയിൽ നിന്നു *വിരമിച്ച* പ്രായമായവർക്കു മൂപ്പന്മാരായി സേവിക്കുവാനുള്ള നേട്ടം ഉണ്ടാകുന്നു.) അയാളുടെ മുൻഗണനയിൽ *അയാളുടെ ആരോഗ്യവും* ഉൾപ്പെടുന്നു – അതിൽ ശാരീരികവും മാനസികവുമായ ആരോഗ്യം ഉൾപ്പെടുന്നു. അയാൾ ചില ശാരീരിക അഭ്യാസവും മനസ്സിനു ഉല്ലാസമേകുന്ന പ്രവൃത്തികളിലും ഏർപ്പെടേണ്ട ആവശ്യകത ഇതു സൂചിപ്പിക്കുന്നു. തീർച്ചയായും, അയാൾ *സഭയ്ക്കാണ്* മുൻഗണന കൊടുക്കേണ്ടത്. സഭയിലെ ഓരോ പ്രവൃത്തിയും ശരിയായി ചെയ്യുന്നതിനു സമയം ആവശ്യമാണ്; ഒരു സഭാദ്ധ്യക്ഷനു ശുശ്രൂഷക്കു സമയം കണ്ടെത്തുവാൻ കഴിയുന്നില്ലെങ്കിൽ, തന്റെ വേല ഉപേക്ഷിക്കേണ്ടിവരും.

ഒരു പ്രത്യേക കാര്യത്തിൽ മുൻഗണന കൊടുക്കുവാൻ തീരുമാനം എടുക്കുമ്പോൾ, സഭാദ്ധ്യക്ഷൻ കർത്താവു തന്നിൽ നിന്നും ആഗ്രഹിക്കുന്ന, ശരിയായ പ്രവൃത്തി ചെയ്യുവാനാണ് തീരുമാനിക്കേണ്ടത്, അല്ലാതെ തന്റെ ആഗ്രഹങ്ങൾക്കനുസരിച്ചായിരിക്കരുത്.

### ആളുകൾ

ആളുകളാണ് ഏറ്റവും പ്രധാനം! "സമയം ചെലവഴിക്കലിൽ" പ്രാഗത്ഭ്യം നേടിയവരുടെ നിർദ്ദേശങ്ങൾ സഭാദ്ധ്യക്ഷന്മാർക്കു എപ്പോഴും നന്നായിരിക്കയില്ല. അവരുടെ ഊന്നൽ എപ്പോഴും "ജോലി ചെയ്ത് തീർക്കുന്ന" തിലാണ്. സഭാദ്ധ്യക്ഷനെ സംബന്ധിച്ച്, തന്റെ *"ജോലി" ആളുകളാണ്!* സഭാദ്ധ്യക്ഷന്റെ ദിവസം സഭയിൽ തടസമുണ്ടായിരിക്കുന്നതായ കാര്യമായിരിക്കും തന്റെ മുഖ്യമായ ജോലി പൂർത്തിയാക്കുന്നതിനുള്ള യഥാർത്ഥത്തിലുള്ള ഏറ്റവും നല്ല അവസരം: ആരെയെങ്കിലും രക്ഷിക്കപ്പെടുന്നതിനു സഹായിക്കുകയോ അല്ലെങ്കിൽ ആരെയെങ്കിലും "കൃപയിലും പരിജ്ഞാനത്തിലും" വളരുവാൻ സഹായിക്കുക (2 പത്രൊസ് 3:18).[2] "പോയിവരൂ; ഞാനിപ്പോൾ തിരക്കിലാണ്" എന്ന അർത്ഥത്തിലുള്ള രീതിയിൽ, അത്തരം "തടസത്തെ" നേരിടുമ്പോൾ, നിങ്ങൾ ആ അവസരം നഷ്ടമാക്കുകയാണ്.

**ത്യാഗം**

ക്രൂശിന്റെ സന്ദേശം സ്വന്ത - ഇഷ്ടപ്രകടനമോ സ്വയം - തീർച്ച പ്പെടുത്തുന്നതോ അല്ല, മറിച്ചു സ്വയം - ത്യജിക്കലാണ് (മത്തായി 16:24-26). സഭാദ്ധ്യക്ഷന്മാർ യേശു ആഗ്രഹിക്കുന്നതുപോലെ സഭ വളർത്തിക്കൊണ്ടു പോകണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ, അവർ സ്വയ - ത്യാഗത്തിന്റെ മാതൃകയായാൽ മാത്രമെ അതിനു കഴിയൂ. അതി നർത്ഥം ചിലപ്പോൾ സഭാദ്ധ്യക്ഷൻ അയാളുടെ വ്യക്തിപരമായ താല്പ ര്യങ്ങൾ സഭയ്ക്കുവേണ്ടി ഉപേക്ഷിക്കേണ്ടതായി വരും. സന്തോഷ ത്തിന്റെ ഫോർമുല - യേശു ഒന്നാമതു, രണ്ടാമതു മറ്റുള്ളവർ, നിങ്ങ ൾക്കു തന്നെ മൂന്നാമതു - എന്നത് സഭാദ്ധ്യക്ഷന്മാർക്ക് തങ്ങളുടെ സമയം പ്രായോഗികമായി ഉപയോഗിക്കാം. ഒരു കാര്യം തീർച്ചയാണ്: ഒരു മനുഷ്യനു മൂപ്പൻ ആയി തന്റെ സമയം ചെലവിടുവാൻ താല്പ ര്യമില്ലെങ്കിൽ/അല്ലെങ്കിൽ അവന്റെ കുടുംബത്തിനു അയാൾ മൂപ്പൻ ആകുന്നതു താല്പര്യമില്ല എങ്കിൽ, അയാളെ സഭയിലെ മൂപ്പനായി നിയമിക്കുവാൻ പാടില്ല.

## സമയത്തിന്റെ നയോപയോഗം

ഒരു സഭാദ്ധ്യക്ഷൻ തന്റെ "സമയം മിക്കതും ഉപയോഗിക്കുന്നത് എങ്ങനെയാണ്"? ഈ ചോദ്യത്തിനു ഉത്തരം സമയം ഉപയോഗിക്കുന്ന തിൽ പ്രാവീണ്യം ലഭിച്ചവർ നല്കുന്നുണ്ട്: സമയം എങ്ങനെ ഉപയോ ഗിക്കണം എന്നതിനെ കുറിച്ചു *റീഡേഴ്സ് ഡൈജെസ്റ്റിൽ*[8] വന്ന ഒരു ലേഖനത്തിൽ (മിക്കവാറും കാര്യങ്ങളിൽ) നിന്ന് താഴെ കൊടുത്തിരി ക്കുന്ന പത്തു നിർദ്ദേശങ്ങൾ നല്കുന്നു.

1. *നിങ്ങളുടെ ഒരു ദിവസത്തെ പദ്ധതി തയ്യാറാക്കുക:* "ഒരു പ്രോജക്ട് തയ്യാറാക്കുവാൻ കൂടുതൽ സമയം എടുത്താൽ, പിന്നെ അതിനു കുറച്ചു സമയം മതിയാകും." ചിലർ പറയുന്നതു "ചെയ്യേണ്ടകാര്യങ്ങളുടെ" ഒരു പട്ടിക തയ്യാറാക്കണം എന്നാണ് - അതിൽ ചെയ്യേണ്ടതും അല്ലെങ്കിൽ ചെയ്യാൻ ആഗ്രഹിക്കുന്നതുമായ എല്ലാ കാര്യങ്ങളും എഴുതുക - പിന്നെ ചെയ്യേണ്ട കാര്യങ്ങളുടെ മുൻഗണനാക്രമത്തിൽ, പ്രാധാന്യത്തിന്റെ അടി സ്ഥാനത്തിൽ അവയെ ക്രമമാക്കുക (ഉദാഹരണത്തിനു, "A" ആണ് ഏറ്റവും അധികം പ്രാധാന്യമുള്ളത്, "ബി" എന്നതാണ് വളരെ പ്രാധാ ന്യമുള്ളത്, "സി" എന്നതു പ്രാധാന്യമുള്ളതും, "ഡി" പ്രാധാന്യമില്ലാ ത്തതും ആയി വേർതിരിക്കുക). പിന്നെ ഏറ്റവും അധികം പ്രാധാന്യ മുള്ളതുമായി തുടങ്ങുക. നിങ്ങൾ അന്നു എല്ലാം ചെയ്തു തീർക്കുന്ന തിൽ പരാജയപ്പെട്ടാൽ പോലും, ചുരുങ്ങിയതു നിങ്ങൾ എന്തു ചെയ്തു എന്നതിനാണ് "ഏറ്റവും പ്രാധാന്യം."
2. *കൈവശമുള്ള ജോലിയിൽ ശ്രദ്ധിക്കുക:* "ചില പ്രശ്നങ്ങൾക്കു എല്ലാ - പ്രതിരോധങ്ങളെയും ചെറുക്കുവാൻ കഴിയും."
3. *വിശ്രമം എടുക്കുക*, കാരണം ജോലിയിൽ "വിശ്രമമില്ലാതെ നീണ്ട കാല പ്രവർത്തനം നടത്തുന്നത് സമയം ശരിയായി ഉപയോഗിക്കൽ അല്ല."

4. *അടുക്കും ചിട്ടയുമില്ലായ്മ ഒഴിവാക്കുക:* "അടുക്കും ചിട്ടയും ഇല്ലായ്മ ഏകാഗ്രതയെ തടസ്സപ്പെടുത്തും." നിങ്ങളുടെ മേശ അടുക്കും ചിട്ടയുമില്ലാതാകുമ്പോൾ, അടുക്കും ചിട്ടയുമുള്ളതാക്കുക; വാസ്തവ ത്തിൽ പ്രാധാന്യമുള്ള കാര്യങ്ങൾക്കു ശ്രദ്ധ കൊടുക്കുക, കൂടാതെ എല്ലാം കാണത്തക്കവിധം വെയ്ക്കുക.

5. *എല്ലാം പൂർണ്ണമായിരിക്കണം എന്നു കരുതാതിരിക്കുക:* "ശ്രേഷ്ഠ തക്കുവേണ്ടി പരിശ്രമിക്കുന്നതും പൂർണ്ണതക്കുവേണ്ടി പരിശ്രമിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഒന്നാമത്തേതു സാദ്ധ്യവും, സന്തോഷിപ്പിക്കു ന്നതും ആരോഗ്യപരവുമാണ്. രണ്ടാമത്തേതു പലപ്പോഴും അസാധ്യവും, നിരുത്സാഹപ്പെടുത്തുന്നതും മനോരോഗമുണ്ടാക്കുന്നതും ആണ്."

6. *"ഇല്ല" എന്നു പറയുവാൻ, ഭയപ്പെടരുത്:* "നിങ്ങളുടെ ലക്ഷ്യ ങ്ങൾക്കു സംഭാവന ചെയ്യാത്തവയെ, നയപരമായി എന്നാൽ ഉറപ്പോടെ, നിരസിക്കുവാൻ പഠിക്കണം." ക്രിസ്ത്യാനികളായ നാം, ചില കരുതലു കളോടെ ഈ ഉപദേശത്തെ സ്വീകരിക്കേണ്ടതുണ്ട്. "വേണ്ട" എന്നു അവ രുടെ ആവശ്യത്തോടു യോജിച്ചു പറയേണ്ടിവരുന്നതു, ആ സന്ദർഭം ഒരു പക്ഷെ, ക്രിസ്തുവിന്റെ നാമത്തിനു വിരുദ്ധമാകും എന്നു തോന്നു ന്നതുകൊണ്ടാണ്. നാം പരിഗണിക്കേണ്ടതു നമ്മുടേതായ ലക്ഷ്യങ്ങൾ മാത്രമാകരുത്, മറിച്ചു ക്രിസ്തുവിനെയും അവന്റെ സഭയെയും ആണ്.

7. *നീട്ടിവെക്കരുത്:* "ആഴത്തിൽ വേരൂന്നിയ ശീലമാണ് സാധാരണ നീട്ടിവെയ്പ്. എന്നാൽ നമ്മുടെ ശീലങ്ങൾ നമുക്കു മാറ്റാം." 1981 ജൂലായ് 9-നു, മിഷിഗണിലെ ക്രിസ്ത്യൻ കോളേജിൽ വെച്ചു സമയം ശരിയായി ഉപയോഗിക്കുന്നതിനെ കുറിച്ചുള്ള സെമിനാറിൽ, പ്രാസംഗികൻ "സമയം നീട്ടി വെക്കുന്നതിനെ അതിജീവിക്കുവാൻ ഉള്ള സൂചനകൾ" പറഞ്ഞതു താഴെ കൊടുത്തിരിക്കുന്നു:

> *ചെറിയതും നിസാരവുമായ സമീപനം.* ഒരു വലിയ ജോലിക്കു കുറച്ചു സമയമേ ഉള്ളൂ എങ്കിൽ ചെയ്യാവുന്ന നിസാര പ്രവൃത്തി ചെയ്യുക. "ഒരിഞ്ചിനാൽ അതൊരു പിടിവള്ളിയാകുന്നു."
>
> *വരവു ചെലവു സമീപനം.* ആ പ്രവൃത്തി നീട്ടിവെക്കുന്നതിന്റെ നേട്ടങ്ങൾ ഒരു പേപ്പറിന്റെ ഒരു വശത്തും, അതിന്റെ മറുവശത്ത് അതു ചെയ്താലുള്ള നേട്ടങ്ങൾ എന്തെല്ലാമെന്നും എഴുതുക.
>
> *തിരമാല മുറിച്ചു കടക്കുക.* ജോലി പൂർത്തിയാകുന്നതുവരെ അതിൽ തന്നെ ഉറച്ചു നില്ക്കുക.
>
> *ഇപ്പോൾ ചെയ്യുക* - അതായതു, നിങ്ങൾ ചിന്തിക്കുമ്പോൾ തന്നെ.
>
> *അതിനു പത്തു നല്കുക.* നിങ്ങളെത്തന്നെ ആ പ്രവൃത്തിക്കായി പത്തു മിനിറ്റ് നല്കുക. അതിന്റെ അവസാനം വീണ്ടും പത്തു മിനിറ്റു അതിനായി പ്രവർത്തിക്കണോ എന്നു തീരുമാനിക്കുക.
>
> *നിങ്ങളെത്തന്നെ പ്രതിഫലമാക്കുക.*
>
> *സഖ്യകക്ഷിയെ കണ്ടെത്തി,* ഇഷ്ടപ്പെട്ട കൂട്ടുകാരനുമായി ചേർന്നു, നിങ്ങൾ അതു ചെയ്യുവാൻ പോകുന്നു എന്നു പറയുക. ഒരാൾ ഒന്നിൽ നിന്നു മറ്റൊന്നിലേക്കു സമർപ്പിക്കപ്പെട്ടാൽ അതു

അയാൾക്കു തന്നെ മാരകമാകും.

*പരിപാടി.* നിങ്ങൾ നീട്ടിവെക്കുന്നതിന്റെ ഒരു കാരണം നിങ്ങൾ ഒരു ദിവസത്തേക്കു ജോലിയിലെ പരിപാടി തയ്യാറാക്കാത്തതാണ്.

*"സ്വഭാവത്തിനപ്പുറമായി."* നിങ്ങൾ മറ്റൊരാളാണെന്നു കരുതുക; നിങ്ങൾ ഫലപ്രദമായ ഒരു വ്യക്തിയാണെന്നു മനസ്സിൽ ചിന്തിക്കുക.

*നിങ്ങളുടെ ചുറ്റുപാടും ഒന്നു നോക്കുക.* ഏതു ദിശയിലാണ് നിങ്ങളുടെ മേശ വച്ചിരിക്കുന്നത്? റ്റിവി എവിടെയാണ് വെച്ചിരിക്കുന്നത്?

8. *ഉടനെ ഓപ്പറേഷൻ നടത്തുക:* "സമയം പാഴാക്കുന്ന പ്രവൃത്തികൾ അർബ്ബുദം പോലെയാണ്. ... അതിനുള്ള ഏക പ്രതിവിധി പെട്ടെന്നുള്ള ഓപ്പറേഷനാണ്." നമ്മുടെ പരിപാടികൾക്കു മാറ്റം വരുത്തുന്ന സമയം – പാഴാക്കുന്ന ഒരു പ്രവൃത്തി ഉണ്ടെങ്കിൽ, അതെന്തായിരിക്കും? ടെലിവിഷൻ നോക്കുന്നതാണോ? ചില രാത്രി മാത്രം ടിവി കാണുന്നതോ അല്ലെങ്കിൽ അതു പ്രത്യേക സമയത്തു മാത്രം കണ്ടാൽ മതി എന്നതു എത്ര അധികം കാര്യങ്ങളെ ചെയ്യുവാൻ നമ്മെ സഹായിക്കും?

9. *നിയോഗിക്കുക.* ഈ തലക്കെട്ടിൽ പുറപ്പാട് പുസ്തകം 18 ലെ മോശെയുടേയും യിത്രോയുടേയും ഉദാഹരണം, ബ്ലിസ് കൂട്ടിച്ചേർത്തു മുന്നറിയിക്കുന്നുണ്ട്: "നിങ്ങളോ മറ്റാരോ ചെയ്യേണ്ടതായ ജോലി കീഴുദ്യോഗസ്ഥന്മാർക്കു നല്കുന്നതു നിയോഗിക്കൽ അല്ല, പിന്നെയോ ഏല്പിക്കൽ ആണ്."

10. *"അമിതാദ്ധ്വാനം" അരുത്.* അമിത ജോലി ചെയ്യുന്നതിനെതിരെ ബ്ലിസ് മുന്നറിയിപ്പു നടത്തുന്നുണ്ട്. ആ വിഷയത്തെ കുറിച്ചു അയാൾ പറയുന്നത് ഇതാണ്:

> കൂടുതൽ ജോലി ചെയ്യുന്നതിന്റെ ലക്ഷണങ്ങളിൽ ഒഴിവു എടുക്കുവാൻ ഉള്ള മടിയും, വാരാന്ത്യത്തിൽ നിങ്ങളുടെ മനസ്സിനെ ഓഫീസിൽ നിന്നു മാറ്റി നിർത്തുവാനുള്ള കഴിവില്ലായ്മയും, നിറയുന്ന ബ്രീഫ് കെയ്സും, പ്രായോഗികമായി അന്യരാകുന്ന ഭാര്യയും, മക്കളും ഉൾപ്പെടുന്നു.
>
> ... അർദ്ധരാത്രിയിൽ നിങ്ങൾ തിളപ്പിക്കുന്ന എണ്ണ നിങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നുണ്ടോ എന്നു നിങ്ങളോടു തന്നെ ചോദിക്കുക. നിങ്ങളുടെ മുൻഗണനാ പട്ടികയിൽ നിങ്ങളുടെ കുടുംബം എവിടെ നില്ക്കുന്നു എന്നും, നിങ്ങളെ തന്നെ വേണ്ടുവോളം നിങ്ങളുടെ പങ്കാളിക്കും മക്കൾക്കും നല്കുന്നുണ്ടോ അതോ, നിങ്ങൾ അവർക്കുവേണ്ടി ത്യാഗം ചെയ്യുന്നു എന്നു അഭിനയിക്കയാണോ ചെയ്യുന്നതു എന്നും നിങ്ങളോടു തന്നെ ചോദിക്കുക.

### പ്രായോഗിക നിർദ്ദേശങ്ങൾ

നല്കിയതായ മാർഗ്ഗരേഖക്കു പുറമെ, സഭയെ നയിക്കുന്നവർക്കു

താഴെ കൊടുത്തിരിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങളും ഉപയോഗപ്രദമായിരിക്കും.

1. *ഒരേ സമയം ഒന്നിലധികം കാര്യങ്ങൾ ചെയ്യുക.* "ഏകാഗ്രത," യുടെ തത്വവുമായി ഈ ഉപദേശം വൈപരീത്യമുള്ളതായി തോന്നാമെങ്കിലും ചിലപ്പോൾ ഒരു സമയത്തു ഒന്നിലധികം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. സമയം മാത്രമെ ഉപകാരപ്രദമായി ഉപയോഗിക്കുവാൻ കഴിയൂ; ഉദാഹരണമായി, കാത്തിരിക്കുമ്പോൾ അല്ലെങ്കിൽ യാത്ര ചെയ്യുമ്പോഴുള്ള സമയത്ത്, ബൈബിൾ വായിക്കുകയോ, പ്രാർത്ഥിക്കുകയോ ചെയ്യാം. ആരാധനാശുശ്രൂഷകൾക്കുശേഷം മൂപ്പന്മാരുടെ മീറ്റിങ്ങിനോ അല്ലെങ്കിൽ കൂട്ടായ്മയോടെ ഭക്ഷണം കഴിക്കുന്നതിനോ സമയം കണ്ടെത്താം. പുറമെ, ആരാധനക്കു മുൻപും ആരാധനക്കുശേഷവും ആളുകളോടു സംസാരിക്കുവാൻ മൂപ്പന്മാർ ലഭ്യമാണ് എന്നറിയിക്കുക.

പ്രവൃത്തികളെ സംയോജിപ്പിച്ചു, മറ്റു സംഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനൊപ്പം അംഗങ്ങളെ സന്ദർശിക്കുവാനും അവരുമായി നല്ല ബന്ധം ഉണ്ടാക്കുന്നതിനും സാധിക്കും. ഉദാഹരണമായി, ഒരു വിനോദ പ്രദമായ പ്രവൃത്തിക്കായി പോകുന്നു എന്നിരിക്കട്ടെ – വിനോദ പ്രവൃത്തികൾ ശരീരത്തിനും മനസ്സിനും ആവശ്യമായതുകൊണ്ടു – അത്തരം സന്ദർശനം ഇഷ്ടപ്പെടുന്നവരെ കൂടെ കൂട്ടുക. കുടുംബ പ്രവൃത്തികൾ തയ്യാറാക്കുമ്പോൾ, ചില സന്ദർഭങ്ങളിൽ മറ്റുള്ളവരേയും ഉൾപ്പെടുത്തുക. മറ്റുള്ളവരെ ഭക്ഷണത്തിനു വീട്ടിലേക്കു ക്ഷണിക്കുകയോ, അല്ലെങ്കിൽ, കഴിയുമെങ്കിൽ, അവരുമൊത്തു പുറത്തുപോയി ഭക്ഷണം കഴിക്കുകയോ ആകാം.

2. *വ്യക്തി ബന്ധങ്ങൾ ഉണ്ടാക്കുവാൻ സമയം കണ്ടെത്തുക.* കൂട്ടത്തിന്റെ ഇടയനാകണം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു ആത്മിയ അദ്ധ്യക്ഷൻ *വ്യക്തികളായ* അംഗങ്ങൾക്കു *വ്യക്തിപരവും പ്രത്യേകവുമായ* ശ്രദ്ധ കൊടുക്കണമെന്നു മനസ്സിലാക്കും. വചനപ്രകാരമുള്ള ഒരു ഉപദേശി, അല്ലെങ്കിൽ ഇടയനു, കൂട്ടത്തെ മൊത്തമായി നോക്കാനും സാധ്യമല്ല. വാസ്തവത്തിലുള്ള ഇടയൻ "ആടുകളെ അവയുടെ പേർ ചൊല്ലിവിളിക്കും" (യോഹന്നാൻ 10:3). സഭ ചെറുതാണെങ്കിൽ പോലും അതു സമയം – വേണ്ടി വരുന്ന പ്രക്രിയയാണ്, എന്നാൽ സഭ വലുതാണെങ്കിൽ സമയം കൂടുതൽ വേണ്ടി വരും. ഓരോ അംഗവുമായി വ്യക്തിബന്ധം പുലർത്തുവാൻ സമയം കണ്ടെത്തുക ബുദ്ധിമുട്ടാണ്, പ്രത്യേകിച്ചു അത്തരം ബന്ധങ്ങൾക്ക് സാധാരണ ഓരോ അംഗങ്ങളുടെയും ഭവനത്തിൽ പോകേണ്ടതായ ആവശ്യമുണ്ട്. ഓരോ അംഗവുമായി വ്യക്തിബന്ധം പുലർത്തുവാൻ പല വഴികളുണ്ട്.

സന്ദർശനം നടത്തുമ്പോൾ അവിടെ ആളുകൾ ഉണ്ടായിരിക്കുമോ എന്നു ഉറപ്പു വരുത്തണം. മുപ്പതു മിനിറ്റു യാത്ര ചെയ്തു ഒരംഗത്തിന്റെ വീട്ടിൽ ചെല്ലുമ്പോൾ അവിടെ ആരും ഇല്ല എന്നറിയുമ്പോൾ ഉണ്ടാകുന്ന സമയം – പാഴാക്കലും നിരുത്സാഹവും വലുതായിരിക്കും.[4] പരിഹാരം എന്തെന്നാൽ സന്ദർശിക്കുമ്പോൾ ആ ഭവനത്തിൽ ആളുകൾ ഉണ്ടായിരിക്കും എന്നും അവർ ആ സന്ദർശനം സ്വാഗതം ചെയ്യുമെന്നും തീർച്ചപ്പെടുത്തണം.

മറ്റുള്ളവരെ നിങ്ങളുടെ ഭവനത്തിലേക്കു ക്ഷണിച്ചുകൊണ്ടു അവരുമായി വ്യക്തിബന്ധം പുലർത്തുക. ഞായറാഴ്ച്ച അത്താഴത്തിനോ, വെള്ളിയാഴ്ച്ച രാത്രിയിലെ ആഹാരത്തിനോ, അല്ലെങ്കിൽ ഞായറാഴ്ച്ച രാത്രി ആരാധനക്കുശേഷം ഒരു ധ്യാനത്തിനോ ആളുകളെ ക്ഷണിക്കാം. സഭാദ്ധ്യക്ഷന്മാർ അവരുടെ വീടുകൾ അത്തരത്തിൽ ഉപയോഗിക്കേണ്ടതിന്റെ കാരണം മൂപ്പന്മാർ **"**അതിഥി പ്രിയർ**"** ആകണം എന്നുള്ളതുകൊണ്ടാണ് (1 തിമൊഥെയൊസ് 3:2).

വ്യക്തിപരമായ സന്ദർശനങ്ങൾ കൊണ്ടു നേടാവുന്ന മിക്ക ലക്ഷ്യങ്ങൾക്കും ടെലഫോൺ[5] അല്ലെങ്കിൽ മെയിൽ ഉപയോഗിക്കാവുന്നതാണ്. ആ ബന്ധങ്ങൾ വ്യക്തി സന്ദർശനങ്ങൾ പോലെ അനുമോദിക്കപ്പെടുന്നവയാണ്.

3. *മറ്റുള്ളവരെ അതു ചെയ്യുവാൻ ഉത്തേജിപ്പിക്കുക.* ചിലപ്പോൾ **"**അതു ജോർജ് ചെയ്യട്ടെ**"** എന്നു പറയുന്നതു നല്ല ഉപദേശമാണ്, അങ്ങനെ പറയുമ്പോൾ സഭാദ്ധ്യക്ഷന്മാർ തങ്ങൾക്ക് അധികം സമയം വേണ്ടിവരുന്ന ജോലികൾ മറ്റുള്ളവരെ കൊണ്ടു ചെയ്യിക്കുവാൻ ശ്രമിക്കുകയാണ്. **"**പുതിയ നിയമത്തിൽ അവർക്കു പ്രത്യേകമായി നല്കിയിരിക്കുന്നതൊഴിച്ചു, *സഭാദ്ധ്യക്ഷന്മാർ മറ്റുള്ളവരെ അവർ ചെയ്യുന്നതെല്ലാം ചെയ്യുവാൻ ഉത്തേജിപ്പിക്കണം***"** എന്നതാണ് ഇതിനെ സംബന്ധിച്ചുള്ള നിയമം. കഴിയുന്നത്ര ജോലികൾ ഭരമേല്പിക്കണം. കെട്ടിടങ്ങൾ, ഹാജരിന്റെയും കണക്കിന്റെയും രേഖകൾ, ബുക്കുകൾ സൂക്ഷിക്കുകയും ബില്ലുകൾ അടയ്ക്കുകയും, ബൈബിൾ സ്കൂളിന്റെ മേൽനോട്ടം വഹിക്കുക, മുതലായവയും മറ്റുള്ളവർക്കു ചെയ്യാവുന്നതാണ്. സഭയ്ക്കു ഒരു സെക്രട്ടറി (ശമ്പളം കൊടുത്തായാലും അല്ലെങ്കിലും) ഉണ്ടാകുന്നതു ഉപകാരപ്രദമാണ്. സെക്രട്ടറിക്കു സഭക്കുവേണ്ടി തീരുമാനങ്ങൾ എടുക്കാവുന്നതല്ലെങ്കിലും, അവനോ അല്ലെങ്കിൽ അവൾക്കോ സഭാദ്ധ്യക്ഷന്മാരുടെ ചുമലിൽ നിന്നും പല ജോലികളും എടുത്തുമാറ്റാൻ കഴിയും.

4. *നിങ്ങളുടെ ശുശ്രൂഷ നിറവേറ്റുക.* സഭയിലെ *നേതൃത്വ* ശുശ്രൂഷ നിർവ്വഹിക്കുവാനായിരിക്കണം അവരുടെ ഊർജ്ജം അദ്ധ്യക്ഷന്മാർ ഉപയോഗിക്കേണ്ടത്. മൂപ്പന്മാർ സഭയുടെ പ്രവൃത്തികളിൽ പലതിലും ഏർപ്പെട്ടാൽ, *മൂപ്പന്മാരായി* ചെയ്യേണ്ടതായ ജോലികൾ ചെയ്യുവാൻ അവർക്കു അധിക സമയം കിട്ടുകയില്ല. അതിനർത്ഥം, ഉദാഹരണത്തിനു, ചില ജോലികളിൽ പിന്താങ്ങൽ കൊടുക്കുന്നത് (ഉദാഹരണത്തിനു, ഒരു യാത്രാ പ്രോഗ്രാം) അധികസമയം വാസ്തവത്തിൽ അതിനായി ചെലവിടാതെയാണ്. സഭയുടെ *എല്ലാ* ജോലികളും എല്ലാവരേയും, പങ്കെടുപ്പിച്ചു, ചെയ്യാവുന്നതല്ല എന്ന് അംഗങ്ങളെ പഠിപ്പിക്കണം – അതു ഇടവകയിലെ മൂപ്പന്മാരായാലും – നമുക്കു എല്ലാവർക്കും വ്യത്യസ്ത താലന്തുകളാണ് നല്കിയിട്ടുള്ളതു എന്നതുകൊണ്ട് ഓരോരുത്തരും താന്താന്റെ താലന്തുകൾ അനുസരിച്ചു ശുശ്രൂഷിക്കണം.

**ഉപസംഹാരം**

ബെഞ്ചമിൻ ഫ്രാങ്ക്ലിൻ പറഞ്ഞു, **"**നിങ്ങൾ ജീവിതത്തെ സ്നേഹിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ സമയം നീട്ടി വെക്കരുത്, കാരണം

അതുകൊണ്ടാണ് ജീവിതത്തെ ഉണ്ടാക്കിയത്." അതു സഭാദ്ധ്യക്ഷ ന്മാർക്കുള്ള നല്ല ഉപദേശമാണ്. നീട്ടിവെയ്പു എന്ന പ്രശ്നം പരിഹരിക്കുവാൻ, അവർ തങ്ങളുടെ ശുശ്രൂഷ സ്വീകാര്യമാക്കുവാൻ ശ്രദ്ധിച്ചു, കർത്താവിന്റെ വേലക്ക് ഓരോ ദിവസത്തെയും ബുദ്ധിയോടെ ഉപയോഗിക്കുകയും വേണം. അപ്പോൾ അവർക്കു തങ്ങൾ ക്രിസ്തുവിനു വേണ്ടി എന്തെല്ലാം നേടുവാൻ കഴിയുമെന്നതു അതിശയം ജനിപ്പിക്കും!

---

കുറിപ്പുകൾ

[1]എൻആർഎസ്വി യിൽ "ഞാൻ" എന്നല്ല മറിച്ച് "നമ്മൾ" എന്നാണുള്ളത്. "നമ്മൾ" എന്നതിൽ തീർച്ചയായും യേശുവും ഉൾപ്പെടുന്നു. [2]കുട്ടികളെ അമ്മമാർ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നപ്പോഴുള്ള പ്രതികരണം പരിഗണിക്കുക, അമ്മമാരെ ശാസിച്ച അപ്പൊസ്തലന്മാരോടും കുട്ടികളോടും, അവരെ "തടസപ്പെടുത്തുന്നത്" എന്ത് എന്ന് യേശു ചോദിച്ചു (മർക്കൊസ് 10:13–16). [3]എഡ്വിൻ സി. ബ്ലിസ്, "റ്റെൻ ടിപ്സ് ടു ഹെൽപ് യു മാനേജ് യുവർ ടൈം," *റീഡേഴ്സ് ഡൈജെസ്റ്റ്* 110 (ഏപ്രിൽ 1977): 185–90. [4]ചിലപ്പോൾ ആ വ്യക്തിയുടെ വീട് കണ്ടെത്തുന്നത് സാധ്യമല്ല. കൂടുതൽ സന്ദർശനങ്ങളും രാത്രിയിലാണ്, കൂടാതെ റോഡിലെ അടയാളങ്ങളും നമ്പരുകളും രാത്രിയിൽ കാണുക പ്രയാസമാണ്. ശരിയായ മാർഗ്ഗങ്ങളും ശരിയായ ദിക്കുകളും ഉണ്ടെങ്കിൽ സന്ദർശനങ്ങളിൽ സമയം ലാഭിക്കാം. [5]ഫാക്സും ഇ – മെയിലും മുഖേനയുള്ള ആശയവിനിമയങ്ങൾ ടെലഫോൺ പോലെ സാധാരണയായി തീർന്നു.

© 2009 Truth for Today